**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4678** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്കായി മത്സ്യകൃഷിയിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി ഫിഷറീസ് വകുപ്പ് മുഖാന്തിരം എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾക്ക് മാത്രമായി ഫിഷറീസ് വകുപ്പ് മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമുഴി, കക്കി എന്നീ റിസർവ്വോയറുകളിൽ 16 കോടി രൂപയുടേയും, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 3.2 കോടി രൂപയുടേയും 490 കൂട് മൽസ്യകൃഷി യൂണിറ്റുകൾ റിസർവ്വോയർ പ്രദേശത്തെ പട്ടികജാതി/പട്ടികവർഗ/ആദിവാസി വിഭാഗങ്ങളുടെ സംഘങ്ങൾക്ക് വേണ്ടി 2020-21 സാമ്പത്തികവർഷം നടപ്പാക്കിയിട്ടുണ്ട്. പി.എം.എം.എസ്.വൈ. പദ്ധതിയിൽ റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) 28 എണ്ണം യൂണിറ്റുകളും, ബയോഫ്ളോക്ക് 26 എണ്ണം യൂണിറ്റുകളും കേന്ദ്രസർക്കാർ സഹായത്തോടെ പ്രസ്തുത വിഭാഗങ്ങൾക്കായി 2020-21ൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, പെരിങ്ങൽകുത്ത്, ഷോളയാർ (ലോവർ), പീച്ചി, വാഴാനി ജലസംഭരണികളിൽ 150 ലക്ഷം രൂപ വകയിരുത്തി മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റിസർവ്വോയർ ഫിഷറീസ് പദ്ധതി 2020-21സാമ്പത്തികവർഷം നടപ്പാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗലം, മീങ്കര, ചുള്ളിയാർ, കാഞ്ഞിരപ്പുഴ എന്നീ അണക്കെട്ടുകളിലായി മൽസ്യ ക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2021-22 സാമ്പത്തികവർഷം 32.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ റിസർവ്വോയർ പരിസര പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി / പട്ടികവർഗ/ ആദിവാസി വിഭാഗങ്ങളുടെ സ്വയം സഹായ സംഘങ്ങളും റിസർവോയർ ഫിഷറീസ് |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം അംഗങ്ങളുമാണ് അണക്കെട്ടുകളിൽ നിന്ന് മൽസ്യം പിടിച്ച് വിപണനം ചെയ്യാൻ അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | മലപ്പുറം ജില്ലയിൽ 2016 മുതൽ ഫിഷറീസ് വകുപ്പ് പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി സ്വന്തം നിലയ്ക്കോ മറ്റ് വകുപ്പുകളുമായി സഹകരിച്ചോ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സ്ഥലവും പദ്ധതികളുടെ പ്രയോജനവും വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ പട്ടികജാതി/ പട്ടികവർഗ/ ആദിവാസി വിഭാഗങ്ങൾക്ക്മാത്രമായി സ്വന്തം നിലയ്ക്കോ മറ്റ് വകുപ്പുകളുമായി സഹകരിച്ചോ 2016 മുതൽ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷം ചാലിയാർ പഞ്ചായത്ത്മുറ്റത്തൊരു മീൻത്തോട്ടം പദ്ധതിക്കായി 2,22,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി തുടർ പ്രവർത്തനങ്ങൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത വിഭാഗങ്ങൾക്ക് ഗുണഭോക്തൃവിഹിതമോ സഹായധനമോ അനുവദിക്കുന്ന തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നുണ്ടോ; ഈ വിഭാഗങ്ങൾക്കായി മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയിൽ പരിശീലനം നൽകുമോ; വ്യക്തമാക്കാമോ? | (സി) | പട്ടികജാതി/പട്ടികവർഗ/ ആദിവാസി വിഭാഗങ്ങൾക്കായി മൽസ്യകൃഷിക്കായി ധനസഹായം നൽകുന്നുണ്ട്. കൂടാതെ മൽസ്യബന്ധനം, മൽസ്യകൃഷി എന്നിവയിൽ പരിശീലനവും നൽകുന്നുണ്ട്. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ/ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട മൽസ്യകർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 60% തുക ധനസഹായമായി നൽകുന്നുണ്ട്. ജനകീയമൽസ്യകൃഷി, പി.എം.എം. എസ്.വൈ. പദ്ധതികളിൽതെരഞ്ഞെടുക്കുന്ന മൽസ്യകർഷകർക്ക് മൽസ്യകൃഷി രീതിയുടെ സാങ്കേതിക പരിശീലനങ്ങൾ, മൽസ്യകർഷക അവാർഡ് എന്നിവ നൽകുന്നുണ്ട്. കൂടാതെ സ്വയംസഹായ സംഘങ്ങളിലെയും പട്ടികജാതി പട്ടിക വർഗ്ഗ റിസർവോയർ ഫിഷറീസ് സഹകരണ സംഘങ്ങളിലെയും അംഗങ്ങൾ റിസർവോയറുകളിൽ നിന്നും പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന്റെ വിലയുടെ സർക്കാർ വിഹിതം അടക്കുന്നതിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ